(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ എസ്. എ/ റ്റി. വി. എം/ ജി. പി. 6/2134 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

തീയതി 15.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

4) സ്പെയർ

എസ് എ റ്റി വി എം / ജി പി 6/2134/2016 തീയതി 15.12.2016

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.4.2016 മുതൽ 7.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 എൻക്വയറി നൽകിയതിൽ 40 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോരട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ . എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2016 മുതൽ 21.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജോൺ മനോഹർ . | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുരേഷ്ബാബു . | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി തനുജ, . .<br>ശ്രീ ദീപേഷ്. സി.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ബി. വട്ടപ്പാറ ജയകുമാർ<br>ശ്രീമതി അനില. എം.എസ്. | 01.4.2015 മുതൽ31.10.2015 വരെ<br>19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ. എസ്. അരവിന്ദാക്ഷൻ | 1.4.2015 മുതൽ 31.3.2016 വരെ |

| തസ്തിക | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സന്തോഷ് കുമാർ | 20.8.2015 FN – still continuing | സന്തോഷ് കുമാർ, 3/300, സി.പി. നഗർ, മുട്ടക്ക (പി.ഒ.) പിൻ 695025 |
| അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. “” | ശ്രീമതി ആശ ശ്രീമതി രശ്മി.പി.എം. | 15.5.2012 മുതൽ 5.7.2016 | ബിജി ആർ. എ-117, ഇന്ദിര നഗർ പേരൂർക്കട പി.ഒ. തിരുവനന്തപുരം-5 വൈശാഖ്, കോങ്ങൽ (പി.ഒ.) , പരവൂർ, കൊല്ലം. |
| വെറ്ററിനറി സർജൻ | ഡോ. പ്രീത | 5.6.2014 മുതൽ തുടരുന്നു. | ഗീതാഞ്ജലി, ജി.എൻ.ആർ.എ. സി.-32എ, ജയപ്രകാശ ലെയിൻ, കുടപ്പനക്കുന്ന് (പി.ഓ. ) |
| അഗ്രിക്കൾച്ചർ ഓഫീസർ | ശ്രീമതി ജയശ്രീ. ആർ. | | മിഥില, വയല (പി.ഒ.) അഞ്ചൽ, കൊല്ലം |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ജീൻ. പി. ചാക്കോ | 6.9.2013 | ജ്യോതിസ്സ്, എസ്. ആർ.എ- 20, കുരിശ്ശടി ജംഗ്ഷൻ, നാലാഞ്ചിറ, തിരുവനന്തപുരം. |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. അജിത ബി.എസ്. | 7.2.2014 | മഹേശ്വരി, പഴകുറ്റി (പി.ഒ.) നഗരിക്കുന്ന്, നെടുമങ്ങാട് , തിരുവനന്തപുരം. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി എസ്. ഗീതാകുമാരി | | ഹൗസ് നം. 33, എൻ.സി.സി. നഗർ, പേരൂർക്കട (പി.ഒ.) തിരുവനന്തപുരം. |
| വി.ഇ. ഒ | ശ്രീ. ദീജു.എസ്.എസ്. | 17.2.2014 | റ്റി.സി.സം.5/817(2)മയൂര, നം. 217 എ, ജി.സി. നഗർ, മണ്ണാംമൂല റോഡ്, പേരൂർക്കട (പി.ഓ.) തിരുവനന്തപുരം. |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ചാന്ദിനിഭായി | 1.6.2006 | ശ്രീനിലയം, എസ്.ജി.ആർ.എ. - 204 കോട്ടമുകൾ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ജലജകുമാരി | 22.11.2015 | മഹീയസ്, നാലുമുക്ക് കുടപ്പനക്കുന്ന് (പി.ഓ.) തിരുവനന്തപുരം. |

| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | കെട്ടിട നികുതി - ഊർജ്ജിത നടപടികൾ അനിവാര്യം | 2-1 | |
| 13 | തൊഴിൽ നികുതി | 2-2 | |

| | | | |
|---|---|---|---|
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 | |
| 15 | വാടക ഈടാക്കിയതിലെ കുറവ് | 2-4 | |
| 16 | നികുതിയിതര വരവ് | 2-5 | |
| 17 | ഡി & ഒ ലൈസൻസ് നൽകിയതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 2-6 | |
| | ഭാഗം 3 | | |
| 18 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് ന് വിരുദ്ധമായി മെയിന്റനൻസിന് തുക നൽകി | 3-1 | |
| 19 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - പ്രാഥമിക പരിശോധന ഫലപ്രദമല്ല. | 3-2 | |
| 20 | എസ്.എസ്.എ. യ്ക്ക് നൽകിയ തുക – യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. 70000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 21 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകി - മെമ്പർമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തിയിട്ടില്ല. | 3-4 | |
| 22 | പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. | 3-5 | |
| 23 | ട്യൂബ് ലൈറ്റുകൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തിയില്ല. 9999/- രൂപ തടസ്സം ചെയ്യുന്നു. | 3-6 | |
| 24 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 | |
| 25 | പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും 9127/- രൂപ പിഴ ഈടാക്കിയില്ല. | 3-8 | |

| | | | |
|---|---|---|---|
| 26 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നുവാങ്ങൽ പ്രോജക്ടുകൾ - സി.എം.ഒ.യിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 3-9 | |
| 27 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് വണ്ടി വാടക 282560/- രൂപ തടസ്സം ചെയ്യുന്നു. | 3-10 | |
| 28 | വികലാംഗർക്ക് ട്രൈസ്കൂട്ടർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - 260000/- രൂപ തടസ്സം | 3-11 | |
| 29 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - അപേക്ഷകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല. | 3-12 | |
| | ഭാഗം 4 | | |
| 30 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 3.3.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 6.5.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റ് സർട്ടിക്കറ്റ് അനുബന്ധം *1* ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56150069 |
| വരവ് | 76841611 |
| ആകെ | 132991680 |
| ചെലവ് | 97607621 |
| നീക്കിയിരിപ്പ് | 35384059 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷം | ആകെ | ചെലവ് | ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 6229244 | 3081908 | 9311152 | 23453051 | 14141899 | ഇല്ല |
| വികസന ഫണ്ട് (എസ്.സി.പി) | 4079747 | 6867331 | 10947078 | 8672331 | 2274747 | ഇല്ല |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 47000 | 47000 | 47000 | | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 276165 | 9594122 | 9870287 | 9870287 | | ഇല്ല |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 709004 | 3586182 | 4295186 | 4295186 | | ഇല്ല |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3207650 | 12435961 | 15643611 | 10956907 | 4686704 | ഇല്ല |
| കെ.എൽ.ജി, എസ്.ഡി.പി. | 7180448 | 6716374 | 13896822 | 6716374 | 7180448൨ | ഇല്ല |
| എം.എൻ.ആർ. ഇ.ജി,എസ് | ഇല്ല | 17080603 | 17080603 | 17078462 | | 2141 |
| ബി ഫണ്ട് | ഇല്ല | 5628933 | 5628933 | 5628933 | | ഇല്ല |
| Try T.S.B A/C / ജനറൽ പർപ്പസ് ഗ്രാന്റ് | 24168892 | 14908846 | 39077738 | 16270433 | | 22807305 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | | 156 | | 0 | 8 | 95.12 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |

| | | | |
|---|---|---|---|
| തൊഴിൽ നികുതി | 2544735 | 2533065 | -11670 |
| കെട്ടിട നികുതി | 5625744 | 7251726 | +1625982 |
| പരസ്യ നികുതി | 32500 | 68500 | 36000 |
| നികുതിയേതരവരവുകൾ | | | |
| ലേലം | 11600 | 45900 | 34300 |
| ഷോപ്പിംഗ്കോംപ്ലക്സ് | 51413 | 54809 | 3396 |
| ഡി&ഒ ലൈസൻസ് | 115950 | 104470 | 11480 |
| മറ്റുവരവുകൾ | 23642870 | 21104978 | 2537892 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 351360 | 587 |
| കർഷകതൊഴിലാളി പെൻഷൻ | 27000 | 417 |
| വിധവാ പെൻഷൻ | 1747200 | 2182 |
| വാർദ്ധക്യകാലപെൻഷൻ | 1459200 | 2359 |
| വികലാംഗ പെൻഷൻ | 420000 | 525 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 75200 | 94 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 790000 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 46338/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. രജിസ്റ്ററുകളും ഫയലുകളും മികച്ച രീതിയിൽ പരിപാലിച്ചിട്ടുണ്ട്. നിർബന്ധിത പദ്ധതിയായ പാലിയേറ്റീവ് കെയർ അർഹരായവർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.6.2016 | 1.12.2015 മുതൽ 31.3.2016 വരെ | 29.6.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.3.2014 | 2008-2009 മുതൽ 2012-2013 വരെ | 25.5.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി- ഊർജ്ജിത നടപടികൾ അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 23 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി പിരിവ് ഇനത്തിൽ തൻവർഷം 4573055/- രൂപ സമാഹരിച്ചു. എന്നാൽ തൻ വർഷത്തെ ഡിമാന്റ് തുകയായ 6840640/- രൂപയുടെ 66.85% ത്തോളം മാത്രമേ കെട്ടിട നികുതി ഇനത്തിൽ ഈടാക്കിയിട്ടുള്ളൂ.

2010-11 സാമ്പത്തിക വർഷം മുതൽ 2014-15 വരെ ഗ്രാമപഞ്ചായത്ത് സമാഹരിച്ച കെട്ടിടനികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നം. | സാമ്പത്തിക വർഷം | ഡിമാന്റ് (തുക) | | കളക്ഷൻ (തുക) | | കുടിശ്ശിക (തുക) | |
|---|---|---|---|---|---|---|---|
| | | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ |
| 1 | 2010 -11 | - | 1425715 | - | 758639 | - | 667076 |
| 2 | 2011-12 | 3688553 | 1522445 | 2200370 | 1063003 | 1488183 | 459442 |
| 3 | 2012-13 | 4105000 | 1358773 | 3210359 | 1348773 | 894641 | 10000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 2013-14 | 4700357 | - | 4137993 | - | 562364 | - |
| 5 | 2014-15 | 5782326 | 2452850 | 4214596 | 1410806 | 1567730 | 1042044 |

തനത് വിഭവ സമാഹരണത്തിന്റെ പ്രധാന സ്രോതസായ കെട്ടിട നികുതി പിരിവിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-2 തൊഴിൽ നികുതി

2015-16 വർഷം തൊഴിൽ നികുതിയിനത്തിൽ ആകെ 25,26,445/-രൂപ സമാഹരിച്ചു. തൻ വർഷ ഡിമാന്റ് തുകയുടെ 100% ത്തോളം നികുതി ഈടാക്കിയിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്.

എന്നാൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെയും, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന വിദേശമദ്യഷോപ്പുകൾ, ബാറുകൾ, പെട്രോൾ പമ്പുകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5-മാതൃകയിൽ അസസ്മെന്റ് രജിസ്റ്റർ പരിപാലിക്കേണ്ടതും ചട്ടങ്ങൾ 3,13 കൃത്യമായി അനുശാസിക്കുന്ന വിധത്തിൽ നികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് ഡയറക്ടറുടെ 11-5-2007 ലെ സി3-15557/2007നം.സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റൈസ് മില്ലുകൾ, ഓഡിറ്റോറിയങ്ങൾ/കല്യാണ മണ്ഡപങ്ങൾ,കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്.

ചുവടെ പട്ടികയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക ഈടാക്കേണ്ട കാലയളവ് (അർദ്ധ വർഷം) | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | വിദ്യാധിരാജ,എൽ.പി.എസ്,എട്ടാം കല്ല് | 2015-16/ I & II | 2500 |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ,വട്ടപ്പാറ | 2015-16 / I & II | 2500 |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് , മരുതൂർ | 2015-16 / I | 1250 |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് ,മൂക്കോല | 2015-16 / I & II | 2500 |

| | | | |
|---|---|---|---|
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ,വഴയില | 2015-16 / I | 1250 |
| 6 | യൂക്കോ ബാങ്ക്,വട്ടപ്പാറ | 2015-16 /I & II | 2500 |
| 7 | സപ്ലൈക്കോ സൂപ്പർ മാർക്കറ്റ്, വട്ടപ്പാറ | 2015-16/ I & II | 2500 |
| 8 | കേരള ഗ്രാമീൺ ബാങ്ക്, വട്ടപ്പാറ | 2015-16 /I & II | 2500 |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് ,ഏണിക്കര | 2015-16/ II | 1250 |
| 10 | മാക് ഓഡിറ്റോറിയം,കാച്ചാണി | 2015-16/ II | 1250 |
| 11 | പോത്തൻസ് ഹ്യുണ്ടായി | 2015-16 / II | 1250 |
| 12 | ലീ ക്കോൾ ചെമ്പക സ്കൂൾ,കല്ലയം | 2015-16 /I & II | 2500 |
| 13 | സേക്രഡ് ഹാർട്ട് ഇ.എം സ്കൂൾ | 2015-16/ I & II | 2500 |
| 14 | ഡി.പി.എം.എസ് ഹോസ്പിറ്റൽ,ഏണിക്കര | 2015-16 /I & II | 2500 |
| 15 | മാവേലി സ്റ്റോർ, കരകുളം | 2015-16 /I & II | 2500 |
| | ആകെ തുക | | 31,250 |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

## 2-4 വാടക ഈടാക്കിയതിലെ കുറവ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സ്, 5 കടമുറികൾ, 2 കമ്മ്യൂണിറ്റി ഹാളുകൾ, 2 പബ്ലിക് മാർക്കറ്റ് എന്നിവയാണ് വാടകയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. ഈ സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തിക വർഷം ആകെ 47,957/- രൂപ സമാഹരിച്ചു. ഇവയുടെ വാടക നിരക്കിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യതയോടെ പരിപാലിച്ചിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് വാടക തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന

രജിസ്റ്ററിൽ പെൻസിൽ എൻട്രിയാണ് വരുത്തിയിരിക്കുന്നത്. കൂടാതെ വാർഷിക അബ്സ്ട്രാക്ട് ഉൾപ്പെടുത്തിയിട്ടില്ല.

തൻവർഷം ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയതിൽ ആകെ 3990/-രൂപയുടെ കുറവ് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്/വിശദാംശങ്ങൾ | വാടക തുക | ഈടാക്കിയത് | കുടിശ്ശിക |
|---|---|---|---|
| ശ്രീ.പ്രകേത് കുമാർ | 3042 + 61 (പലിശ) = 3103 | 1918 + 47<br>= 1965 | 1138 |
| അസി. മാനേജർ, സപ്ലൈകോ | 1398 X 2 | ഇല്ല | 2796<br>+ 56(പലിശ)<br>= 2852 |
| | | ആകെ തുക | 3,990 |

വാടക കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ വാടക നിരക്ക് കാലോചിതമായി പരിഷ്കരിക്കുന്നതിനും ഉപയോഗശൂന്യമായി കിടക്കുന്ന ആസ്തികൾ പുനരുദ്ധരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- വാടകയിനത്തിൽ കാലോചിതമായ പരിഷ്കരണം വരുത്തുക
- വാടക തുകയുടെ ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവയുടെ വിശദാംശങ്ങൾ കൃത്യതയോടെയും കാലികമാക്കിയും പരിപാലിക്കുക
- വാടകയിനത്തിലെ വരവിന്റെ സുപ്രധാന രേഖയായ രജിസ്റ്ററിൽ വാർഷികാടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തലും, കുടിശ്ശിക തുകയുടെ വിശദാംശങ്ങളും രേഖപ്പെടുത്തുക
- കുടിശ്ശിക നിവാരണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തിന്റെ ആസ്തികളിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 നികുതിയിതര വരവ്

1. ലേലം - ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് മാർക്കറ്റ് ലേലം ചെയ്യയിനത്തിൽ 2015-16 സാമ്പത്തിക വർഷം ആകെ 30,750/- രൂപ ലഭിച്ചു. ഏണിക്കര പൊതുമാർക്കറ്റിൽ നിന്ന് 29000/- രൂപയും കല്ലയം പബ്ലിക് മാർക്കറ്റിൽ നിന്ന് 1,750/- രൂപയും ഉൾപ്പെടെയാണ് ഇത്.
2. കല്ലയം സബ്സെന്റർ, കരകുളം പി.എച്ച്.സി എന്നിവിടങ്ങളിലെ ഫലവൃക്ഷങ്ങളുടെ കുത്തക പാട്ട ലേലം ഇനത്തിലായി ആകെ 2,300/- രൂപ ലഭിച്ചു.
3. പരസ്യ നികുതി - 2015-16 സാമ്പത്തിക വർഷം പരസ്യ ലേലം ഇനത്തിൽ 68,500/- രൂപ സമാഹരിച്ചു.

## 2-6 ഡി & ഓ ലൈസൻസ് നൽകിയതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2015-16സാമ്പത്തിക വർഷം 487 സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ് നൽകിയിട്ടുണ്ട്. 1,69,070/- രൂപ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി പരിപാലിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

2015-16വർഷം നൽകിയ ഡി&ഓ ലൈസൻസികളിൽ നിന്നും താഴെ പറയുന്ന രേഖകൾ അപേക്ഷകളോടൊപ്പം വാങ്ങി സൂക്ഷിച്ചിട്ടില്ല.

1) സ.ഉ(എം.എസ് )നമ്പർ323/2011/ത.സ്വ.ഭ.വ തീയതി 27-12-2011നിർദ്ദേശാനുസരണം നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.

2) സർക്കുലർ നമ്പർ 63624/ആർ.സി.2/2008/ത.സ്വ.ഭ.വ തീ.15-06-2009പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന.

3) സർക്കുലർ നം.15885/ആർ.ഡി.3/2011/ത.സ്വ.ഭ.വ തിയതി 26-4-2011അനുസരിച്ച് ഡി&ഓ ലൈസൻസികൾ പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുമെന്ന സമ്മതപത്രം.

കൂടാതെ ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ അനുമതിയും രേഖപ്പെടുത്തിയിട്ടില്ല. ഇനി മേൽ മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകളിലെ/ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ആനുവൽ മെയിന്റനൻസ് കരാറിനു വിരുദ്ധമായി മെയിന്റനൻസിന് തുക നൽകി

പ്രോജക്ട് - S026/2015-16

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി,

അടങ്കൽ തുക - 88500/-

2015-16 വർഷത്തിൽ കരകുളം ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസിനായി ആന്വൽ മെയിന്റനൻസിന് കോൺട്രാക്ടിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Microcoms എന്ന സ്ഥാപനത്തിന് 88500/- രൂപയ്ക്ക് 03.07.2015-ലെ കമ്മിറ്റി തീരുമാനപ്രകാരം കരാർ നൽകുകയും 16.07.15-ൽ ടി സ്ഥാപനവുമായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാറിൽ പഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ആകെ കമ്പ്യൂട്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുക കണക്കാക്കാതെയാണ് കരാർ തുക നിശ്ചയിച്ചതെന്ന് അനുമാനിക്കുന്നു.

ഐ.റ്റി വകുപ്പിന്റെ അംഗീകാരമുള്ള പ്രസ്തുത കരാർ പ്രകാരം റബർ കൊണ്ട് നിർമ്മിച്ച ഭാഗങ്ങൾ, പ്രിന്ററിന്റെ ടോണർ/റിബൺ എന്നിവയൊഴികെയുള്ള റിപ്പയറിംഗ് കരാർ എടുത്ത സ്ഥാപനം നിർവ്വഹിക്കേണ്ടതാണ്. 18.09.2015-ൽ 40000/- രൂപയും 23.03.2016-ൽ 48500/- രൂപയും ഉൾപ്പെടെ ആകെ 88500/- രൂപ കരാർ പ്രകാരം Microcoms എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

എന്നാൽ ഇതു കൂടാതെ 2015-16-ൽ Microcoms എന്ന സ്ഥാപനത്തിന് കമ്പ്യൂട്ടർ മെയിന്റനൻസിനായി 57030/- രൂപ നൽകിയതായി ഓഡിറ്റ് എൻക്വയറി 26 പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

ഇതിൽ കരാറിനു വിരുദ്ധമായി Annual maintenance Contract നിലനിൽക്കുന്ന വേളയിൽ തന്നെ Microcons എന്ന സ്ഥാപനത്തിന് നൽകിയ 11954/- രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി/ചെക്ക് നം. | തുക | ഇനം |
|---|---|---|
| 24.07.2015/28680 | 1572 | ഹാർഡ് ഡിസ്ക് റിപ്പെയർ |
| 24.07.2015/28680 | 2761 | മദർ ബോർഡ് റിപ്പെയർ |
| 24.07.2015/28680 | 1200 | എസ്.എം.പി.എസ് റിപ്പെയർ |
| 24.07.2015/28680 | 950 | പവർ കൺട്രോൾ യൂണിറ്റ് |
| 24.07.2015/28680 | 571 | എസ്.എം.പി.എസ് (പി.എച്ച് സെന്റർ) റിപ്പെയർ |
| 27.07.2015/28694 | 400 | മൗസ് |
| 01.09.2015/30326 | 2900 | System board complaint |
| 19.09.2015/30353 | 590 | മൗസ് |
| 29.02.2016/ | 760 | മൗസ് |
| 11.03.2016/ | 250 | Lan card (Veterinary hospital) |
| ആകെ | 11954 | |

## 3-2 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - പ്രാഥമിക പരിശോധന ഫലപ്രദമല്ല.

കരകുളം ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി ഗ്രാമസഭ നിർദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് യാതൊരു പ്രാഥമിക പരിശോധനാ സംവിധാനവും നിലവിലില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിലൂടെയോ സബ്കമ്മിറ്റി മുഖാന്തിരമോ ഉള്ള ഒരു പരിശോധനാ സംവിധാനത്തെപ്പറ്റി ഗ്രാമപഞ്ചായത്ത് തീരുമാനിക്കേണ്ടതാണ്.

എന്നാൽ വിവിധ പദ്ധതികൾക്കായി നാമനിർദ്ദേശം ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത്

കമ്മിറ്റി അംഗീകരിച്ച് അതുപോലെ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയാണ് ചെയ്തുവരുന്നത്.

ഇതു കാരണം സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അർഹതയില്ലാത്തവരും പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുവാൻ താല്പര്യമില്ലാത്തവരും ഉൾപ്പെടുന്ന ഒരു ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് ലഭിക്കുകയും അതിൽ നിന്നു പോലും അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്താനാകാതെ വരികയും ചെയ്യുന്നു.

ഉദാ -

1. 15 പട്ടികജാതി വിദ്യാർത്ഥികൾക്ക് (പ്രൊഫഷണൽ/ഐ.റ്റി കോഴ്സ്) ലാപ്ടോപ്പ് വാങ്ങി നൽകുന്ന പദ്ധതിക്കായി 14.09.2015-ൽ 30 ഗുണഭോക്താക്കളുടെ പേര് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും അർഹതപ്പെട്ടവരെ ലഭ്യമല്ലാത്തതിനാൽ 30.01.2016-ൽ 36 പേരുടെ ലിസ്റ്റ് നൽകി.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 20 പേർക്ക് ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി നൽകുന്ന പദ്ധതിക്കായി 11.09.2015-ൽ 48 പേരുടെയും 30.11.2016-ൽ 56 പേരുടെയും ഗുണഭോക്തൃ ലിസ്റ്റ് നൽകി.

ഇപ്രകാരം അർഹതയില്ലാത്തവരെയും പദ്ധതിയിൽ താല്പര്യമില്ലാത്തവരെയും ഉൾപ്പെടുത്തി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനാൽ, നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിൽ പ്രയാസവും, കാലതാമസവും നേരിടുന്നു.

ആയതിനാൽ ഓരോ വാർഡിൽ നിന്നും വിവിധ പദ്ധതികൾക്കായി മുൻഗണനാക്രമത്തിൽ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു എന്ന് ഉറപ്പുവരുത്തുവാനായി ഗ്രാമപഞ്ചായത്ത് ഒരു പ്രാഥമിക പരിശോധനാ സംവിധാനം തീരുമാനിക്കേണ്ടതാണ്. ഇത് അർഹതയുള്ള ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനോടൊപ്പം പദ്ധതികൾ യഥാസമയം സുതാര്യമായി നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സഹായകരമായിത്തീരും.

## 3-3 എസ്.എസ്.എ-ക്ക് നൽകിയ തുക - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. 70000/- രൂപ തടസ്സപ്പെടുത്തുന്നു.

2015-16-ൽ പദ്ധതി നം.02/15-16 പ്രകാരം എസ്.എസ്.എ യുടെ പഞ്ചായത്ത് വിഹിതമായി 70000/- രൂപ കരകുളം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ പുനരുദ്ധാരണം, പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പഠനോപകരണങ്ങൾ വാങ്ങിനൽകൽ, യൂണിഫോം വിതരണം എന്നിവയ്ക്കായി 28.08.2015-ൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

പദ്ധതിപ്പണം ഫലപ്രദമായി വിനിയോഗിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്തുന്നതിനായി എസ്.എസ്.എയ്ക്ക് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകി - മെമ്പർമാർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടില്ല.

പദ്ധതി നം.3/2016.

കേരള സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകുവാനായി 2015-16-ൽ 100000/- രൂപ വകയിരുത്തിയിരുന്നു (സർക്കാർ ഉത്തരവ് നം.1709/2012/ത.സ്വ.ഭ.വ തീയതി 23.06.2012). എന്നാൽ സുരക്ഷാ മിഷന്റെ 12.08.2015-ലെ എ3/3747/14/ കെ.എസ്.എസ്.എം കത്ത് പ്രകാരം 500000/- രൂപ സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകളിലെ നിലവിലെ ജനപ്രധിനിധികളെയും സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 04.09.2015-ലെ 170-നം കമ്മിറ്റി തീരുമാനപ്രകാരം തനതു ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി 07.09.2015-ൽ 500000/- രൂപ കേരള സാമൂഹ്യ സുരക്ഷാമിഷന് നൽകിയിട്ടുണ്ട്.

എന്നാൽ മുൻ ജനപ്രതിനിധികളെയും നിലവിലെ ജനപ്രധിനിധികളെയും സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള യാതൊരു രേഖയും പഞ്ചായത്തിനു ലഭ്യമായിട്ടില്ല. ജനപ്രതിനിധികളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ച് തുക ഒടുക്കു വരുത്തിയിട്ടുള്ളതിനാൽ ജനപ്രതിനിധികൾക്ക് സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല.

2015-16-ൽ 284 കുടിവെള്ള ടാപ്പുകൾക്കായി 14,91,000/- രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് ഒടുക്കുവരുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ നാളിതുവരെ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുകയോ, ആയതിന്റെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആയതിനെ തുടർന്ന് പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കുകയോ ആയതിന്റെ ഉപഭോഗം സംബന്ധിച്ച പഠനം നടത്തുകയോ ചെയ്തിട്ടില്ല.

സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണവും വെള്ളത്തിന്റെ ഉപഭോഗവും സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-6 ട്യൂബ്ലൈറ്റുകൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തിയില്ല.9,999/- രൂപ തടസ്സം ചെയ്യുന്നു.

2015-16-ൽ ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 6000 ട്യൂബ് ലൈറ്റുകളും, 700 സി.എഫ്.എൽ ബൾബുകളും, 20 സോഡിയം വേപ്പർ ലാംബുകളും പദ്ധതിയിനം S0037/16 പ്രകാരവും 20 എൽ.ഇ.ഡി ബൾബുകൾ പദ്ധതിയിനം S12/2016 പ്രകാരവും വാങ്ങിയിട്ടുണ്ട്. ഇതു കൂടാതെ ഫയലുകൾ പരിശോധിച്ചതിൽ 750 ട്യൂബുകൾ തനതു ഫണ്ടിൽ നിന്നും വാങ്ങിയതായി കാണുന്നു. ആയത് സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 500 ട്യൂബുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വൗച്ചർ നം.21500105/28.04.2015 പ്രകാരം കെ.എസ്.ഐ.ഇ-യിൽ നിന്നും 250 ട്യൂബ് ലൈറ്റുകൾ വാങ്ങിയത് സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ലത്തതിനാൽ ചെലവു തുക 9,999/- രൂപ തടസ്സം ചെയ്യുന്നു.

കൂടാതെ വിവിധ ഓഡിറ്റ് എൻക്വയറികളുടെ മറുപടിയായി തെരുവു വിളക്കുകളുടെ ആകെ എണ്ണം പ്രവർത്തന ക്ഷമമായതിന്റെയും അല്ലാത്തവയുടെയും എണ്ണം, അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല. തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല.

2015-16-ൽ ആകെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 43,58,686/- രൂപ പഞ്ചായത്ത് ചെലവ് ചെയ്തിട്ടുണ്ട്. തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കാത്തതിനാലും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തിനാലും ഇതിന്റെ കൃത്യത കണക്കാക്കുവാൻ സാധ്യമല്ല. പദ്ധതിയിനം S12/2016 പ്രകാരം 200 എൽ.ഇ.ഡി ബൾബുകൾ കെൽട്രോണിൽ നിന്നും വാങ്ങി പദ്ധതി 34/2016 പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിച്ചപ്പോൾ പകരം മാറ്റിയ ട്യൂബ് ലൈറ്റുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (23) മറുപടിയിനത്തിൽ 60 എണ്ണം കേടായ ട്യൂബുകൾക്ക് പകരം സ്ഥാപിച്ചതായും ബാക്കിയുള്ളവ വട്ടപ്പാറ പി.എച്ച്.സി യിൽ സൂക്ഷിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ടി ട്യൂബ്ലൈറ്റുകളിൽ ഉപയോഗയോഗ്യമായവ സ്റ്റോക്കിൽ ഉൾപ്പെടുത്തി കേടാകുന്ന ട്യൂബുകൾക്ക് പകരമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നം.S018/16 തുക 507200/-

എല്ലാ ഗ്രാമപഞ്ചായത്തുകളും അനിവാര്യമായി നടപ്പാക്കേണ്ട പദ്ധതിയാണ് പാലിയേറ്റീവ് കെയർ പദ്ധതി. കരകുളം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കായി 507200/- രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് ഒരു ഹോം കെയർ സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിൽ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുവാനും പരിചരണം ആവശ്യമുള്ള രോഗികൾക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും സാധിക്കുമായിരുന്നു.

പാലിയേറ്റീവ് കെയർ നെഴ്സിന്റെ നേതൃത്വത്തിൽ ഹോം കെയർ ടീം ആഴ്ചയിൽ 4 ദിനങ്ങളിൽ കുറയാതെ രോഗികളെ സന്ദർശിക്കേണ്ടതാണെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. കരകുളം പഞ്ചായത്തിൽ 450-ൽ പരം രോഗികൾ നോമിനൽ രജിസ്റ്റർ പ്രകാരം സേവനത്തിന് അർഹരാണ് എന്നാൽ താഴെ വിവരിക്കും പ്രകാരം വളരെ വിരളമായെ കരകുളം പഞ്ചായത്തിലെ ഹോം കെയർ ടീമിന്റെ സേവനം ലഭ്യമാകുന്നതായി കാണുന്നുള്ളൂ.
2015-16-ലെ ഹോം കെയർ റിപ്പോർട്ട് പ്രകാരമുള്ള ഹോം കെയർ വിസിറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | സന്ദർശനത്തിന്റെ എണ്ണം | രോഗികളുടെ എണ്ണം | വാഹന വാടക |
|---|---|---|---|
| 4/15 | 6 | 42 | 4250 |
| 5/15 | 6 | 54 | 5700 |
| 6/15 | 6 | 51 | 5600 |
| 7/15 | 6 | 48 | 5500 |
| 8/15 | 5 | 43 | 4750 |
| 9/15 | 5 | 51 | 4800 |
| 10/15 | 6 | 46 | 4800 |
| 11/15 | 6 | 49 | 5600 |
| 12/15 | 5 | 37 | 4900 |
| 01/16 | 5 | 48 | 5000 |
| 02/16 | 9 | 83 | 8600 |
| 03/16 | 13 | 101 | 11600 |
| ആകെ | 78 | 653 | 71100 |

ഇപ്രകാരം പ്രതിമാസം ശരാശരി 6 വിസിറ്റും 54 രോഗികളെയും മാത്രമേ സന്ദർശിച്ചതായി കാണുന്നുള്ളൂ. ഇതിലേയ്ക്കായി ഹോം കെയർ നഴ്സിന് പ്രതിമാസം 10000/- രൂപ നിരക്കിൽ 120000/- രൂപ ഹോണറേറിയവും വണ്ടി വാടക ഇനത്തിൽ 71,100/- രൂപയും ചെലവു വന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട പാലിയേറ്റീവ് കെയർ അർഹതപ്പെട്ടവർക്ക് ശരിയായ ഇടവേളകളിൽ യഥാസമയം ലഭ്യമാക്കുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുന്നതായി കാണുന്നില്ല. ഇതിനായി പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എല്ലാ മാസവും യോഗം ചേരേണ്ടതും ഹോം കെയർ ടീമിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 3-8 പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും 9127/- രൂപ പിഴ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി) 13/2012/പി.ഡബ്ലിയു.ഡി/ 01.02.2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ ഒരു പൊതുമരാമത്ത് പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം വരുന്ന സാഹചര്യത്തിൽ അസി.എഞ്ചിജീയർ മുഖേന കാലാവധി തീരുന്നതിനു മുമ്പായി ദീർഘീകരണത്തിന് അപേക്ഷിക്കാവുന്നതാണ്. എന്നാൽ സെക്ഷൻ 2112-1 പ്രകാരം കരാറുകാരന്റെ പിഴവുമൂലം ഒരു പ്രവൃത്തി പൂർത്തീകരിക്കുവാൻ താമസിച്ചാൽ ആദ്യ തവണ പി.എ.സി യുടെ ഒരു ശതമാനം (മിനിമം 1000/-, മാക്സിമം 50000) പിഴ ഈടാക്കി പ്രവൃത്തി ദീർഘിപ്പിക്കാവുന്നതാണ്.

കരകുളം ഗ്രാമപഞ്ചായത്തിലെ ചില മരാമത്ത് പ്രവൃത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയവരിൽ നിന്നും പ്രവൃത്തി ദീർഘീകരണത്തിനുള്ള അപേക്ഷ സ്വീകരിക്കുകയോ നിയമപരമായ പിഴ ഈടാക്കുകയോ ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടു.

1. *വട്ടപ്പാറയിലെ ഗവ.എൽ.പി.എസ് പുനരുദ്ധാരണം*

പ്രോജക്റ്റ് നം. - 146/2016

ഫണ്ട് - മെയിന്റനൻസ് (എൻ/ആർ)

അടങ്കൽ - 771822/-

പി.എ.സി - 635077/-

കരാറുകാരൻ - ശ്രീ. പി. ശ്രീധരൻ പിള്ള

എം.ബുക്ക് നം - 361/2015-16

ബിൽ. നം - 62/15-16, തുക 635077/-

ഡി.ഡി.നം. - 870507 തീയതി 29.03.2016

പ്രവൃത്തി ആരംഭിച്ച തീയതി - 08.09.2015

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി - 08.12.2015

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 09.03.2016

പിഴ 1% 635077/- = 6350/-

2. *ടെമ്പിൾ ലെയ്ൻ - അരുവിക്കരക്കോണം റോഡ് കോൺക്രീറ്റിംഗ്*

പ്രോജക്റ്റ് നം. - 97/2016

ഫണ്ട് - വികസഫണ്ട് (പൊതുവിഭാഗം)

അടങ്കൽ - 278439/-

പി.എ.സി - 277775/-

കരാറുകാരൻ - ആർ.വിജയകുമാർ

എം.ബുക്ക് നം. - 113/15-16

ബിൽ നം. - 82/15-16 തീയതി 31.03.2016, തുക 277775/-

ഡി.ഡി.നം. - 870720 തീയതി 04.04.2016, തുക 261108/-

പ്രവൃത്തി ആരംഭിച്ച തീയതി - 09.07.2015

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി - 09.10.2015 (3 മാസം)

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 26.03.2016

പിഴ 1% 277775/- = 2777/-

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 45/തീയതി 31.10.2016പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർ നൽകിയ സമയദീർഘീകരണ അപേക്ഷ പ്രവൃത്തിയുടെ പൂർത്തീകരണ തീയതിയ്ക്ക് ശേഷമുള്ളതാണ്. മാത്രമല്ല, രേഖകളുടെ ഒറിജിനൽ ഹാജരാക്കിയില്ല. സാക്ഷ്യപ്പെടുത്താത്ത പകർപ്പുകൾ മാത്രമാണ് ഹാജരാക്കിയത് . ആയതിനാൽ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയതിന് ഈടാക്കേണ്ടിയിരുന്ന പിഴ 9127/- രൂപ (6350 + 2777) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പ്രോജക്ടുകൾ - സി.എം.ഒ.യിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

ജി.ഒ (എം.എസ്) 362/2013/ത.സ്വ.ഭ.വ തീയതി 16.11.2013 പ്രകാരം ആരോഗ്യ കേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലായെങ്കിൽ ബന്ധപ്പെട്ട സി.എം.ഒ യിൽ നന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും അലോപ്പതി മരുന്നുകൾ വാങ്ങാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ താഴെപറയുന്ന പദ്ധതികൾക്ക് മരുന്ന് വാങ്ങുന്നതിനായി പണം ചെലവഴിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. *വൃദ്ധജനങ്ങളുടെ രോഗനിർണ്ണയവും മരുന്ന് വിതരണവും*

   പ്രോജക്ട് നം - 19/2016

   അടങ്കൽ - 400000/-

   ചെലവ് തുക - 400000/- (ധനകാര്യ കമ്മീഷൻ)

   ഡി.ഡി.നം - 871626 തീയതി 23.01.2016, തുക 360000/-

   നിർവ്വഹണം - മെഡിക്കൽ ഓഫീസർ, കരകുളം

2. *മാരക രോഗങ്ങൾ ബാധിച്ചവർക്ക് മരുന്ന് വാങ്ങി നൽകൽ*

   പ്രോജക്ട് നം - 38/2016

   അടങ്കൽ - 350000/-

   ചെലവ് തുക - 350000/- (ധനകാര്യ കമ്മീഷൻ )

   ബിൽ നം. - 9/2015-16 തീയതി 19.02.2016, തുക 340000/-

   ഡി.ഡി നം. - 871856 തീയതി 24.02.2016, തുക 340000/-

   നിർവഹണം - മെഡിക്കൽ ഓഫീസർ, കരകുളം

മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് യഥാക്രമം 360000/- രൂപ, 340000/- രൂപ വീതം ചെലവഴിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി നടപ്പിലാക്കാൻ അനിവാര്യമായ ബന്ധപ്പെട്ട സി.എം.ഒ യിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (നം. 39 തീയതി 21.10.2016) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ടി പ്രോജക്ട് നടപ്പിലാക്കിയതിന് കൂടുതൽ വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

## 3-10 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് വണ്ടിവാടക - 282560/- രൂപ തടസ്സം ചെയ്യുന്നു.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങൽ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നീ പദ്ധതികളിലൂടെ വാഹന വാടകയിനത്തിൽ 2,82,560/- രൂപ ചെലവഴിച്ചു. വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി ഓട്ടോറിക്ഷാ ക്വട്ടേഷൻ ചെയ്ത് എടുക്കുകയും ആയത് 4 മുതൽ 7 വരെ ട്രിപ്പ് എടുത്ത് കുട്ടികളെ സ്കൂളിൽ എത്തിക്കുകയും ചെയ്തിരുന്നു. അതിലൂടെ 2,82,560/- രൂപ വാടകയിനത്തിൽ ചെലവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | കുട്ടികളുടെ എണ്ണം | ഓട്ടോറിക്ഷ വാടക |
|---|---|---|
| ഏപ്രിൽ | 15 | 10000 |
| മേയ് | 16 | 10000 |
| ജൂൺ | 15 | 18000 |
| ജൂലൈ | 16 | 20520 |
| ആഗസ്റ്റ് | 17 | 19700 |
| സെപ്തംബർ | 18 | 27040 |
| ഒക്ടോബർ | 18 | 26800 |
| നവംബർ | 17 | 25000 |
| ഡിസംബർ | 16 | 24000 |
| ജനുവരി - 16 | 23 | 36500 |
| ഫെബ്രുവരി | 16 | 30000 |
| മാർച്ച് | 23 | 35000 |
| ആകെ | | 2,82,560 |

സ്കൂൾ കുട്ടികളുടെ യാത്രയ്ക്ക് അനുയോജ്യമായ വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് കൂടുതൽ സൗകര്യപ്രദമായ വലിയ വാഹനങ്ങൾ ഉപയോഗപ്പെടുത്തി ഇത്തരത്തിൽ അമിതമായി തുക ചെലവിടുന്നത് നിയന്ത്രിക്കേണ്ടതാണ്.

## 3-11 വികലാംഗർക്ക് ട്രൈസ്കൂട്ടർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - 260000/- രൂപ തടസ്സം

പ്രോജക്ട് നം. - എസ്.ഒ.115/16

പ്രോജക്ടിന്റെ പേര് - വികലാംഗർക്ക് ട്രൈസ്കൂട്ടർ വാങ്ങൽ

ബിൽ നം./തീയതി - 22/15-16/26.03.2016 തുക 325000/-

അടങ്കൽ തുക - 325000/-

സ്വയംതൊഴിൽ ചെയ്യാൻ പ്രാപ്തരായ 70% ന് മുകളിൽ വൈകല്യമുള്ള ലൈസൻസുള്ള 5 പേർക്ക് ട്രൈസ്കൂട്ടർ വാങ്ങി നൽകുക എന്നതാണ് പ്രസ്തുത പ്രോജക്ടിൽ പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ ട്രൈസ്കൂട്ടർ വാങ്ങിയ 5 വ്യക്തികളിൽ ഒരാളിന്റെ ലൈസൻസ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.1 നൽകിയിട്ടുണ്ട്. ലൈസൻസുകൾ കിട്ടുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ആയതിനാൽ 4 പേർക്ക് ട്രൈസ്കൂട്ടർ വാങ്ങിയ 2,60,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്

## 3-12 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - അപേക്ഷകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല

2015-16 സാമ്പത്തിക വർഷം ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് ലഭിച്ചതും അനുവദിച്ചതും നിരസിച്ചതുമായ അപേക്ഷകളെ സംബന്ധിക്കുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
2. ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ ക്രമനമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.
3. അപേക്ഷകൾ തീർപ്പാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല. (ഉദാഹരണമായി- കർഷക തൊഴിലാളി പെൻഷൻ 45 ദിവസം വികലാംഗ പെൻഷൻ 60 ദിവസം.)
4. പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിനായി കൈമാറുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമയബന്ധിതമായി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നില്ല.

ക്ഷേമ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ചട്ടങ്ങളും (1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ,കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ) നിർദ്ദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കേണ്ടതും , അപേക്ഷകന്റെ പൂർണ്ണമായ മേൽ വിലാസം, അപേക്ഷ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, തിരികെ ലഭിച്ച തീയതി, അപേക്ഷയിൻ മേൽ എടുത്ത തീരുമാനം, മറ്റു വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററുകളും മറ്റ് രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുവാൻ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രേജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് നെടുമങ്ങാട് | 2015-16 | 214200 | ജൈവ പച്ചക്കറി കൃഷി | 214200 | 0 |
| | | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം | 2015-16 | 38250 | ജൈവ പച്ചക്കറി കൃഷി | 38250 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇഎംഎസ് സമ്പൂർണ്ണ ഭവന പദ്ധതി | സ.ഉ(സാധാ)നം. 275/2010/ ത.സ്വ.ഭ.വ. തീയതി 27.10.2010 | 22485000 | 11242500 | 5210941* (മുതൽ) | 6031559 |

* തൻവർഷം പലിശ ഇനത്തിൽ തുക അടച്ചില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5242599 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |

| | |
|---|---|
| ആകെ | 5242599 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 5242599 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| SCB FD | 5242599 |
| ആകെ | 5242599 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | വിഷയാധിഷ്ഠിത അവലോകനം. | 2011-12 | 3-1 | കാർഷിക വികസന സമിതി സംബന്ധിച്ച് | പുതുതായി കർഷക വികസന സമിതി രൂപീകരിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76841611 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97607621 |
| വരവിനങ്ങളിലുള്ള നഷ്ടം | 35240 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11954 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 349126 |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-3 | 31250 | | എസ്. അരവിന്ദാക്ഷൻ, സെക്രട്ടറി |
| 2-4 | 3990 | | ടി |
| 3-1 | | 11954 | ടി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 70000 | ശ്രീ. എസ്. അരവിന്ദാക്ഷൻ, സെക്രട്ടറി |
| 3-6 | 9999 | ശ്രീ. എസ്. അരവിന്ദാക്ഷൻ, സെക്രട്ടറി |
| 3-8 | 9127 | |
| 3-11 | 260000 | ശ്രീമതി എസ്. ഗീതാകുമാരി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ. എസ്. അരവിന്ദാക്ഷൻ,<br>സെക്രട്ടറി | സെക്രട്ടറി, കരകുളം ഗ്രാമപഞ്ചായത്ത് | "ശങ്കരത്തിൽ"ശ്രീചിത്ര നഗര, എ-75 പാങ്ങോട്, തിരുമല (പി.ഒ.) തിരുവനന്തപുരം. |
| ശ്രീമതി എസ്. ഗീതാകുമാരി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കരകുളം ഗ്രാമപഞ്ചായത്ത് | ഹൗസ് നം. 33, എൻ.സി.സി. നഗർ, പേരൂർക്കട (പി.ഒ.) തിരുവനന്തപുരം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ജി.പി 6/362/13 തീയതി :03.05.2013 | 2 |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി 6/250/02 തീയതി :03.05.2013 | 3 |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 6/633/04 തീയതി :21.07.14 | 2 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 6/229/05 തീയതി :21.07.14 | 2 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1753/05 തീയതി :21.07.14 | 1 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 6/366/14 തീയതി :21.07.14 | 3 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 6/709/08 തീയതി :21.07.14 | 2 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി 6/710/08 തീയതി :21.07.14 | 2 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി 6/941/10 തീയതി :05.08.10 | 7 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1705/12 തീയതി :06.04.13 | 5 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1704/14 തീയതി :16.01.13 | 6 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി 6/635/14b തീയതി :16.09.14 | 13 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1345/14 തീയതി :20.03.15 | 26 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം. ജി.പി.6/1077/15 തീയതി 28.9.2015 | 26 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/771/2016 തീയതി 3.6.2016 | -- |

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ കരകുളം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ

215-ാം വകുപ്പും 2003 ജൂൺ 12 ലെ നം. 3/19/2003/ധന തീയതി 12.6.2003 ഉത്തരവും അനുസരിച്ചാണ്.

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കിയ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. കരകുളം ഇന്ത്യൻ ഓവർസീസ് ബാങ്കിലെ കരകുളം സാക്ഷരതാ അക്കൗണ്ടിന്റെ 2015-16 സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 73938/- രൂപയാണ്. എന്നാൽ എ.എഫ്.എസിൽ 72477/- രൂപയാണ് പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. പലിശ വരവായ 1461/- രൂപ എ.എഫ്.എസിൽ ചേർത്തിട്ടില്ല.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്